കരട് -1

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നാവിക് നൽകുന്നതിനുള്ള പ്രപ്പോസലിനും ആവശ്യമായ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (ഓഖി ഫണ്ട്) ൽ നിന്നും കണ്ടെത്തുന്നതിനും അനുമതി നൽകി - ഉത്തരവാകുന്നു.

==========================================================================

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(കൈ)നം. /2018/മ.ഉ.വ. തീയതി,തിരുവനന്തപുരം, .11.2018.**

==========================================================================

പരാമർശം : ഫിഷറീസ് ഡയറക്ടറുടെ പ്രൊപ്പോസൽ.

**ഉത്തരവ്**

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നതിലേയ്ക്കായി ISRO വികസിപ്പിച്ചെടുത്ത 'നാവിക് ' എന്ന ഉപകരണം നൽകുന്നതിലേക്കായുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ പരാമർശം പ്രകാരം സമർപ്പിക്കുകയുണ്ടായി. ISRO വികസിപ്പിച്ചെടുത്തതും കെൽട്രോൺ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതുമായ നാവിക് 15000 മത്സ്യബന്ധന യാനങ്ങൾക്ക് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 1500 കി.മീ വരെ കവറേജ് ഏരിയ ഉള്ള നാവിക് എന്ന ഉപകരണം മുഖേന ചുഴലിക്കാറ്റ്, സുനാമി, ഭൂചലനം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കാലാവസ്ഥാ വ്യതിയാനം, അന്താരാഷ്ട്ര അതിർത്തി, മത്സ്യബന്ധന സാധ്യതാ മേഖല എന്നിവ സംബന്ധിച്ച സന്ദേശം നൽകാനും, രക്ഷാ പ്രവർത്തനം സുഗമമാക്കുന്നതിനും മത്സ്യബന്ധനത്തിനിടെയുള്ള അപകടങ്ങൾ കുറയ്ക്കുവാനും സഹായിക്കുന്നതാണ്. ഫിഷറീസ് ഡയറക്ടർ മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കുന്നത്. തീരദേശ ജില്ലകളിൽ 12 നോട്ടിക്കൽ മൈലിൽ കൂടുതൽ ദൂരത്തേയ്ക്ക് മത്സ്യബന്ധനത്തിനു പോകുന്ന യാനങ്ങളുടെ ഉടമസ്ഥരിൽ നിന്നും തെരഞ്ഞെടുക്കുന്ന 15000 പേരായിരിക്കും ഗുണഭോക്താക്കൾ. ഇവരെ അതാത് ജില്ലകളിലെ ഫിഷറീസ് ഓഫീസർമാർ കണ്ടെത്തുന്നതായിരിക്കും. ഒരു യൂണിറ്റിന് 10,620/- രൂപ എന്ന നിരക്കിൽ 15.93 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. പദ്ധതിയ്ക്കാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (ഓഖി ഫണ്ട്) ൽ നിന്നും അനുവദിയ്ക്കണമെന്നും ഫിഷറീസ് ഡയറക്ടർ പ്രപ്പോസലിൽ ആവശ്യപ്പെടുകയുണ്ടായി.

4. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന 15000 മത്സ്യബന്ധന യാനങ്ങൾക്ക് നാവിക് നൽകുന്നതിലേക്കായി യൂണിറ്റൊന്നിന് 10,620/- രൂപ എന്ന നിരക്കിൽ 15.93 കോടി രൂപ (പതിനഞ്ച് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ മാത്രം) യുടെ പദ്ധതിയ്ക്കും ~~ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (ഓഖി ഫണ്ട്) യിൽ നിന്നും കണ്ടെത്തുന്നതിനും~~ ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ~~അനുമതി~~ നൽകി ഉത്തരവാകുന്നു.

1) ഉപഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ മാനദണ്ഡം നിശ്ചയിക്കുകയും, തെരഞ്ഞെടുപ്പ് സുതാര്യമാവുകയും വേണം.
2) എല്ലാ ജില്ലകളിലെ മത്സ്യത്തൊഴിലാളികളെയും പദ്ധതിയിലുൾപ്പെടുത്തണം.
3) NAVIC നൽകുമ്പോൾ ഉപഭോക്തൃ വിഹിതമായി 1500/- രൂപ ഈടാക്കണം.
4) KELTRON -മായി NAVIC ന്റെ വില കുറയ്ക്കുവാൻ ചർച്ച നടത്തേണ്ടതാണ്.

3) പദ്ധതിയ്ക്കാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (ഓഖി ഫണ്ട്) ൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

14.11.18
14/11
14/11/18